# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 934** **07.02.2013-ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കുളം, കിണർ എന്നിവ വൃത്തിയാക്കുന്നതിനും പരിപാലിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിലേക്ക് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കുളം, കിണർ എന്നിവ വൃത്തിയാക്കുന്നതും പരിപാലിക്കുന്നതും വാട്ടർ അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ല. എന്നാൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ കിണറുകളിലെയും കുളങ്ങളിലെയും ചെളിയും മണ്ണും ധനലഭ്യതയ്ക്കനുസരിച്ച് നീക്കം ചെയ്ത് വൃത്തിയാക്കുന്നതു വഴി ശുദ്ധജല ലഭ്യത ഉറപ്പാക്കാറുണ്ട്.

സെക്ഷൻ ഓഫീസർ